പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2456 13-02-2013 - ൽ മറുപടിക്ക്

ലോക് അദാലത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>" പി.സി. വിഷ്ണുനാഥ്<br>" ഷാഫി പറമ്പിൽ<br>" പി. എ. മാധവൻ | ശ്രീ. കെ.എം. മാണി<br>(ബഹു, ധനകാര്യവും, നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സ്ഥിരമായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നസംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | ഉണ്ട്, കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും, അനുബന്ധസ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ ലോക് അദാലത്തും, മെഗാ ലോക് അദാലത്തുകളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ഇത്തരം അദാലത്തുകളിൽ എന്തെല്ലാം തരത്തിലുള്ള കേസുകളാണ് തീർപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | എല്ലാ സിവിൽ കേസുകളും, ഒത്തു തീരാവുന്നതായി 1973-ലെ ക്രിമിനൽ നടപടി ക്രമം, 320-ാം വകുപ്പിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രിമിനൽ കേസുകൾ, കോടതിയിൽ എത്തിയേക്കാവുന്ന പ്രീ-ലിറ്റിഗേഷൻ കേസുകൾ, തൊഴിൽ തർക്കങ്ങൾ, വൈവാഹിക വ്യവഹാരങ്ങൾ തുടങ്ങിയ കേസുകളും ലോക് അദാലത്തിൽ പരിഗണിക്കുന്നതാണ്. |
| (സി) | ഏതെല്ലാം വകുപ്പുകളാണ് ഇതുമായി സഹകരിക്കുന്നത് ; | എല്ലാ വകുപ്പുകൾക്കും കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ലോക് അദാലത്തുമായി സഹകരിക്കാവുന്നതാണ്. |

| | | |
|---|---|---|
| ഡി | യാത്രാക്ലേശമുള്ള സ്ഥലങ്ങളിൽ, സഞ്ചരിക്കുന്ന ലോക് അദാലത്തുകളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുമോ ? | ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം സഞ്ചരിക്കുന്ന ലോക് അദാലത്ത് തുടങ്ങുകയും നാളിതുവരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, ഏറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ സഞ്ചരിക്കുന്ന ലോക് അദാലത്ത് അതാത് ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റികളുടെയും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ പര്യടനം നടത്തി അദാലത്തുകളും നിയമ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം കെൽസയുടെ സുസജ്ജമായ ലോക് അദാലത്ത് വാൻ കേരളത്തിലുടനീളം പര്യടനം നടത്തി വരുന്നു. |

ഉത്തരവിൻപ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ.